I. ഇ.ബി. XII-കേരള നിയമസഭ/XIV-8

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 9, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ

ശ്രീ. കെ. കെ. ഷാജു: എസ്.സി.പി., ടി.എസ്.പി., എസ്.സി.എ. തുടങ്ങിയ പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കാൻ സാധിക്കുന്നില്ല. സംസ്ഥാനത്തിന്റെ 40 ശതമാനം ഫണ്ടാണ് എൽ.എസ്.ജി.ഡി.ക്ക് കൈമാറിയതെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ചില മേഖലകളിൽ 60 ശതമാനം മുതൽ 80 ശതമാനം വരെയാണ് കൈമാറിയിട്ടുള്ളത്. താലൂക്കുതല ഓഫീസുകൾ പല സ്ഥലത്തും നിറുത്തലാക്കുകയും ബ്ളോക്കുകളിൽ ഒരു പട്ടികജാതി ഓഫീസർ മാത്രമായി ചുരുക്കുകയും ചെയ്തു. ഈ വിഭാഗങ്ങൾക്കായി നീക്കിവച്ച പണത്തിന്റെ വിനിയോഗത്തെ സംബന്ധിച്ച്

സൂക്ഷ്മമായ പരിശോധന നടത്താൻ സംവിധാനം ഏർപ്പെടുത്തണം. പട്ടിക ജാതി കോളനികളിലേയ്ക്കുള്ള റോഡുകൾ, നടവഴികൾ, കുടിവെള്ള വിതരണം, വൈദ്യുതി വിതരണം എന്നിവയുടെ പണികൾ സ്തംഭിച്ചിരിക്കുന്നു. ഗ്രാമസഭയിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ, അനർഹരായിട്ടുള്ളവർക്ക് വീടുകൾ അനുവദിക്കുന്നത് നിറുത്തലാക്കണം. ഐ.എച്ച്.ഡി.പി. കോളനികളിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളെ സഹായിക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പട്ടികജാതിക്കാരുടെ വികസന പദ്ധതികൾക്കായി ജനസംഖ്യാനുപാതികമായി സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 9.81 ശതമാനം തുകയാണ് വകയിരുത്തുന്നത്. ഇതിൽ 67 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതിക്ക് ചെലവിടുകയും 33 ശതമാനം തുകയ്ക്കുള്ള പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് നേരിട്ടു നടത്തുകയുമാണ് ചെയ്യുന്നത്. പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിന് എസ്.സി.പി. പരമാവധി പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്താൻ സർക്കാർ നേരിട്ട് റിവ്യൂ നടത്താറുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് ആയി പഞ്ചായത്തുകൾക്ക് കൊടുക്കുന്ന വിഹിതത്തെ സംബന്ധിച്ചും റിവ്യൂ നടത്താറുണ്ട്. ഇതിനു പുറമേ ജില്ലാതല ഓഫീസേഴ്സിന്റെ യോഗം സംയുക്തമായി ചേർന്ന് റിവ്യൂ നടത്താറുണ്ട്. കഴിഞ്ഞ നാലു വർഷമായി പദ്ധതി വിനിയോഗം തുടർച്ചയായി വർദ്ധിപ്പിക്കാനും അഡീഷണൽ സെൻട്രൽ അസിസ്റ്റന്റ്സ് 100 ശതമാനം വിനിയോഗിക്കാനും കഴിഞ്ഞിട്ടുണ്ട്. പന്തളം നിയോജകമണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിനും

ഐ.ടി.സി. നിർമ്മാണത്തിനും പെൺകുട്ടികളുടെ പ്രീ-മെട്രിക് ഹോസ്റ്റലിനും വിവിധ റോഡുകളുടെ നിർമ്മാണത്തിനും ഭവനനിർമ്മാണ ധനസഹായ ത്തിനും വിവാഹ ധനസഹായത്തിനും കൃഷി ഭൂമി വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫണ്ടുക ളൊന്നും ലാപ്സായിട്ടില്ല.

(2) ഫ്ളോട്ടിംഗ് പ്ളെയിൻ സർവ്വീസ്

ശ്രീ. വി. എൻ. വാസവൻ: വിനോദസഞ്ചാര മേഖലയുടെ വികസന ത്തിന്റെ ഭാഗമായി ജലാശയങ്ങളിലേയ്ക്ക് പറന്നിറങ്ങുന്ന വിമാനസർവ്വീസു കൾ ആരംഭിക്കണം. നൂറ് മീറ്റർ ദൈർഘ്യമുള്ളതും രണ്ടര മീറ്റർ ആഴമുള്ളതുമായ ജലാശയങ്ങളാണ് ഇതിനുവേണ്ടിവരുന്നത്. വിദേശ രാജ്യങ്ങൾ ഇക്കാര്യത്തിൽ കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചാൽ സംസ്ഥാ നത്തെ പതിനാല് ജില്ലകളിലേയും ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടു ള്ള എയർ ടാക്സി സംവിധാനം ഏർപ്പെടുത്താൻ സാധിക്കും. സംസ്ഥാ നത്ത് വിമാനമിറങ്ങുന്ന വിനോദസഞ്ചാരികൾ യാത്രാ സൗകര്യത്തിന് അനുഭ വിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും സാമ്പത്തികച്ചെലവ് കുറച്ച് സർവ്വീസ് ആരംഭിക്കാനും കഴിയും എന്നാണ് സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം. ഈ മേഖലയിൽ ഇപ്പോൾ ജോയിന്റ് വെഞ്ച്വർ ആയി കോട്ടയത്ത് ഒരു മിനി പോർട്ടിന് തുടക്കം കുറിച്ചിട്ടുണ്ട്. പബ്ലിക്/പ്രൈവറ്റ് സംയുക്തസംരംഭമായി കെ.ടി.ഡി.സി. മുൻകയ്യെടുത്താൽ ഈ രംഗത്തേയ്ക്ക് സ്വകാര്യ സംരംഭകർ മുന്നോട്ടുവരും. ഇത് നന്നായി പ്രയോജനപ്പെടുത്തി യാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ടൂറിസം മേഖലയിൽ വൻ പുരോഗതി ഉറപ്പാക്കാൻ കഴിയും. ഒന്നാം ഘട്ടത്തിൽ സാധ്യതാ പഠനം നടത്തുകയും രണ്ടാം ഘട്ടത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും

ഇതിലേയ്ക്കായി ഒരു കമ്പനി രൂപീകരിക്കുകയും ചെയ്യണം. ജലാശയങ്ങൾ മലീമസപ്പെടുത്താത്ത വിധത്തിൽ ഇതു പ്രാവർത്തികമാക്കു ന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു സംഘത്തെ നിയോഗിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കടലോര-കായൽ ടൂറിസ മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് ഉദ്ദേ ശിക്കുന്നത്. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുഗമമായി യാത്ര ചെയ്യുവാൻ സീ പ്ളെയിൻ, ഹൈഡ്രോ പ്ളെയിൻ ടാക്സി സർവീസ് നട ത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനും സാധ്യതാ പഠനം നടത്തുന്ന തിനും ഏജൻസിയെ കണ്ടെത്തുന്നതിന് കെ.ടി.ഡി.സി.ക്ക് നിർദ്ദേശം നൽകു ന്നതാണ്. ഇത്തരം ഒരു സർവീസ് നേരിട്ടുനടത്തുന്ന കാര്യം പരിഗണനയിലി ല്ല. സ്വകാര്യ സംരംഭകർ മുന്നോട്ടു വരുകയാണെങ്കിൽ അവർക്കാവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കാൻ മുൻകയ്യെടുക്കുന്നതാണ്. ഉൾനാടൻ മത്സ്യ ബന്ധനം, ജലഗതാഗതം എന്നിവയെ ഒരുതരത്തിലും ബാധിക്കാതെയും മലി നീകരണ സാധ്യത ഇല്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടും മാത്രമേ പദ്ധതി നടപ്പി ലാക്കാൻ സാധിക്കുകയുള്ളൂ.

**സബ്മിഷൻ**

(1) അനെർട്ടിന്റെ പ്രവർത്തനം

ശ്രീ. പി. സി. ജോർജ്: പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി ജനങ്ങളിലെത്തിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന അനെർട്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു സാധനം പോലും ജനങ്ങൾക്ക് വിതരണം ചെയ്തിട്ടില്ല. അനെർട്ടിന്റെ ആഭിമുഖ്യത്തിൽ രൂപംകൊണ്ട സമ്പൂർണ്ണ ഊർജ്ജ സുരക്ഷ

മിഷൻ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരമില്ല. ഈ പദ്ധതി പ്രകാരം അനെർട്ടിൽ നിർമ്മിക്കുന്ന സാധനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യാനായി അനെർട്ടിന്റെ അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്നാവശ്യപ്പെട്ടതിൻ പ്രകാരം ത്രിതല പഞ്ചായത്തുകൾ 30 കോടിയോളം രൂപ നിക്ഷേപിച്ചെങ്കിലും ഇതുവരെയും വിതരണം നടത്തിയിട്ടില്ല. അനെർട്ടിൽ ഒരു ഫുൾ ടൈം ഡയറക്ടറെ ഇതുവരെ നിയമിച്ചിട്ടില്ല. നിശ്ചിത യോഗ്യതയില്ലാത്ത, എനർജി മാനേജുമെന്റ് സെന്ററിൽ താൽക്കാലികമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നയാളെ ഡെപ്യൂട്ടേഷനിൽ അനെർട്ടിന്റെ ഡയറക്ടറായി നിയമിച്ചിരിക്കുകയാണ്. ഒരു പർച്ചേസ് വിഭാഗമുള്ളപ്പോൾത്തന്നെ അതിനെ മറികടന്നുകൊണ്ട് ക്വട്ടേഷനോ ടെന്ററോ വിളിക്കാതെ രണ്ടര കോടി രൂപയുടെ കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുകയാണ്. 18.09.2009-ൽ അംഗീകരിച്ച അനെർട്ടിന്റെ പുന:സംഘടന റിപ്പോർട്ട് പ്രകാരം പർച്ചേസ് ഓഫീസറുടെ തസ്തിക സൃഷ്ടിച്ചെങ്കിലും 28.08.2009-ൽ തന്നെ നിയമനം നടത്തിയിരിക്കുക യാണ്. അവിടെ നടക്കുന്ന അഴിമതികളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഊർജ്ജ സുരക്ഷ മിഷനുമായി ബന്ധപ്പെട്ട് 29.5 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അനെർട്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. ഇതിൽ 12 കോടി രൂപ സമഗ്ര ഊർജ്ജ പദ്ധതി രൂപീകരണത്തിനാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഊർജ്ജ ഉപഭോഗം സംബന്ധിച്ച ബെയ്സ് ലൈൻ ഡാറ്റാ ഉണ്ടാക്കലാണ് ഇതിന്റെ ഉദ്ദേശം. 2010 ജൂൺ മാസത്തോടെ ഇത്

പൂർത്തിയാകും. ബെയ്സ് ലൈൻ ഉണ്ടാക്കിയാൽ മാത്രമേ കാർബൺ ക്രെഡിറ്റ് കിട്ടുകയുള്ളു. ലാന്റ് യൂസ് ബോർഡ് മാപ്പാണ് ഡിജിറ്റലൈസ് ചെയ്യുന്ന പ്രവർത്തനത്തിനായി ഉപയോഗിച്ചിട്ടുള്ളത്. എട്ട് കോടി രൂപ പഞ്ചായത്തുകൾക്ക് അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നിക്ഷേപിച്ചിട്ടുള്ളതാണ്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷൻ പ്രകാരം മാത്രമേ ഇത് വാങ്ങാൻ സാധിക്കുകയുള്ളു. അതിന്റെ ടെന്റർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 9.5 കോടി രൂപ ജില്ലാ പഞ്ചായത്തുകൾക്ക് ബയോ ഗ്യാസ്, ഗ്യാസ് ഫയർ, വൈദ്യുതി നിലയം എന്നിവ നിർമ്മിക്കുന്നതിന് നിക്ഷേപിച്ചിട്ടുള്ളതാണ്. ഇതിന്റെ ഡി.പി.ആർ തയ്യാറാക്കുന്നത് വേൾഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സസ്റ്റയിനബിൾ എനർജി എന്ന സ്ഥാപനമാണ്. ഇതിന് മൊത്തം 140 കോടി രൂപയാണ് ചെലവ് വരുന്നത്. 2010-11-ലെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 9 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബാക്കി തുക പഞ്ചായത്തുകൾ നേതൃത്വം നൽകി കമ്പനി രൂപീകരിച്ച് കണ്ടെത്തണം. കേന്ദ്രത്തിൽ നിന്ന് 4,79,00,000 രൂപ റിമോട്ട് വില്ലേജ് ഇലക്ട്രിഫിക്കേഷന് വേണ്ടി ലഭിച്ചു. സോളാർ ലൈറ്റിംഗ് റിമോട്ട് വില്ലേജ് ഇലക്ട്രിഫിക്കേഷന്റെ ഭാഗമായി 4204 വീടുകൾക്ക് സി.എഫ്. ലാമ്പുകൾ കൊടുക്കാൻ പോവുകയാണ്. ഊർജ്ജ സുരക്ഷ മിഷന്റെ ഭാഗമായി മൈക്രോ ഹൈഡൽ വികസനത്തിന് ഒരു ഹൈഡൽ അറ്റ്ലസ് തയ്യാറാക്കിയിട്ടുണ്ട്. വേളാവൂർ ബ്ലോക്ക് പഞ്ചായത്തിൽ 1.79 മെഗാവാട്ടിന്റെ പ്രോജക്ടിന് ഡി.പി.ആർ തയ്യാറാക്കി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഡയറക്ടറും 36 വർഷത്തെ സർവ്വീസുമുള്ള

ഉദ്യോഗസ്ഥനാണ് ഇപ്പോൾ അനെർട്ടിന്റെ അഡീഷണൽ ചാർജ് കൊടുത്തിട്ടുള്ളത്. റീ-സ്ട്രക്ച്ചറിംഗിന്റെ ഭാഗമായി പുതിയ ഡയറക്ടറെ നിയമിക്കും. സ്റ്റോർ പർച്ചേസ് റൂളിന് വിരുദ്ധമായി പർച്ചേസ് നടത്തിയിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ദേശീയ ജലപാത

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : തൃശ്ശൂർ ജില്ലയിലെ ഇടത്തിരുത്തി മുതൽ അണ്ടത്തോട് വരെയുള്ള റീച്ചിന്റെയും കനോലി കനാലിന്റെയും വികസന പ്രവർത്തനം പൂർത്തിയാക്കി ദേശീയ ജലപാതയുടെ നിർമ്മാണം ത്വരിതപ്പെടുത്തണം.

മുഖ്യമന്ത്രി (ശ്രീ വി. എസ്. അച്ചുതാനന്ദൻ) : കൊല്ലം മുതൽ കോട്ട പ്പുറം വരെയുള്ള ദേശീയ ജലപാതയുടെ തൃശ്ശൂർ ജില്ലയിലെ കനോലി കനാലിന്റെ വികസനവും ഇടത്തിരുത്തി മുതൽ അണ്ടത്തോട് വരെയുള്ള ചെയിനേജ് നിർമ്മാണ പ്രവർത്തനങ്ങൾക്കും ടെണ്ടർ ക്ഷണിച്ചെങ്കിലും ചില സാങ്കേതിക തടസ്സങ്ങളാൽ യഥാസമയം നടത്താൻ സാധിച്ചിട്ടില്ല. 16.2.2010 -ലെ ഉത്തരവ് പ്രകാരം മേൽപ്പറഞ്ഞ പണികൾ സമയബന്ധിതമായി തീർക്കാൻ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(3) വിലക്കയറ്റത്തിനെതിരെയുള്ള സമരം

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : വിലക്കയറ്റത്തിന്റെ പേരിൽ കേന്ദ്രഗവൺമെന്റിനെതിരെ സി.പി.ഐ.(എം) ആരംഭിച്ചിരിക്കുന്ന അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന സമരത്തിന്റെ ഭാഗമായി പോസ്റ്റ്ഓഫീസ് ഉൾപ്പെ ടെയുള്ള കേന്ദ്രഗവൺമെന്റ് ഓഫീസുകൾ സ്തംഭിപ്പിച്ചിരിക്കുന്നതിനാൽ

പൊതുജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : വിലക്കയറ്റം സൃഷ്ടിക്കുന്ന കേന്ദ്ര നയം തിരുത്തണമെന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട അരിയും ഗോതമ്പും നൽകണമെന്നും ആവശ്യപ്പെട്ട് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ 8-3-2010 മുതൽ 12-3-2010 വരെ നടത്തുന്ന സമരത്തിന്റെ ഭാഗമായി ജനങ്ങളെ തടസ്സപ്പെടുത്താതിരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഈ ഉപരോധവുമായി ബന്ധപ്പെട്ട് 39 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കും.

(4) ബാബുവിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം

ശ്രീ. ജി. കാർത്തികേയൻ : ആര്യനാട് നിയോജക മണ്ഡലത്തിൽപ്പെട്ട ബാബു പോലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കുകയും ബാബുവിന്റെ നിരാലംബമായ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബാബുവിന്റെ മരണം അസ്വാഭാവികമായി കണക്കാക്കി കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും നെടുമങ്ങാട് പോലീസ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നുമുണ്ട്. ഈ കേസിൽ ഇടപെട്ടിട്ടുള്ള രണ്ട് ഹെഡ്കോൺസ്റ്റബിൾമാരുടെ ഭാഗത്തു

നിന്ന് പ്രഥമദൃഷ്ട്യാ വീഴ്ച ഉണ്ടായി എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഇവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(5) ചാത്തന്നൂരിലെ കുടിവെള്ളക്ഷാമം

ശ്രീ. എൻ. അനിരുദ്ധൻ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര, കല്ലുവാതുക്കൽ, പൂതക്കുളം പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും മരക്കുളം, കടച്ചൽ ഭാഗങ്ങളിൽ തടയണ കെട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഇടതുകര കനാലിലൂടെയാണ് ചിറക്കര, കല്ലുവാതുക്കൽ, പൂതക്കുളം പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഓയൂർ ബ്രാഞ്ച് കനാലിലെ വാർഷിക അറ്റകുറ്റപ്പണികൾ അടക്കമുള്ളവ ചെയ്തതെങ്കിലും പൂർത്തീകരിക്കുവാൻ കഴിയാത്തതുകൊണ്ട് ഇടതുകര കനാലിൽ ഒരു ഭാഗത്ത് താൽക്കാലിക സ്റ്റീൽ കനാൽ നിർമ്മിച്ചാണ് ജലവിതരണം നടത്തുന്നത്. ചിറക്കര ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ജല വിതരണം സാധ്യമാക്കുന്നതിനുവേണ്ടി 06-03-2010 മുതൽ ഓയൂർ, ആദിച്ചനല്ലൂർ ഡിസ്ട്രിബ്യൂട്ടറികളിലേയ്ക്കുള്ള ജലവിതരണം നിറുത്താൻ എക്സിക്യൂട്ടീവ് എൻജിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കനാലുകളുടെ നിലവിലുള്ള സ്ഥിതിയനുസരിച്ച് പരമാവധി ജലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(6) പ്രൈവറ്റ് കോളേജ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എം. മുരളി: സെക്രട്ടേറിയറ്റ് മാർച്ചും ധർണ്ണയും നടത്തുന്ന പ്രൈവറ്റ് കോളേജുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷൻ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപെടുത്തിയപ്പോൾ വിദ്യാർത്ഥികളുടെയും കോഴ്സുകളുടേയും എണ്ണം കുറഞ്ഞ പശ്ചാത്തലത്തിൽ വിവിധ സർക്കാർ ഉത്തരവുകൾ വഴി എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാരുടെ സ്റ്റാഫ് പാറ്റേണിൽ ഭേദഗതി വരുത്തേണ്ടി വന്നിട്ടുണ്ട്. സർക്കാർ കോളേജുകളിൽ അധികമെന്ന് കണ്ടെത്തിയ 418 അനദ്ധ്യാപക തസ്തികകൾ കുറവുചെയ്തിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ ഏകീകരിക്കുന്നതിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്. ഡിഗ്രിതലത്തിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കുമ്പോൾ കോളേജുകളിലെ അനദ്ധ്യാപകർക്ക് ജോലി ഭാരം ഉണ്ടാകാൻ സാധ്യതയില്ല. അഖിലേന്ത്യാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന യു.ജി.സി. പാക്കേജ് ചില ഭേദഗതികളോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുമ്പോൾ കോളേജ് ലൈബ്രേറിയൻമാർ മാത്രമാണ് ഉൾപ്പെടുന്നത്. സർക്കാർ പുതിയ ശമ്പള കമ്മീഷൻ രൂപീകരിച്ച പശ്ചാത്തലത്തിൽ ലാബ്, ലൈബ്രറി അസിസ്റ്റന്റുമാരുടെ ശമ്പള തുല്യത എന്ന ആവശ്യം ശമ്പള കമ്മീഷന്റെ മുമ്പാകെ ഉന്നയിക്കാവുന്നതാണ്. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ ആശ്രിത

നിയമന വ്യവസ്ഥ നടപ്പിലാക്കുന്നതിൽ മാനേജുമെന്റുമായി സമവായത്തിലെത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(7) <u>സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: നിലവിലുള്ള സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അഫിലിയേഷൻ കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള അൺഎയ്ഡഡ് സ്കൂൾസ് കോ-ഓർഡിനേഷൻ കമ്മിറ്റി സെക്രട്ടേറിയറ്റ് ധർണ്ണ നടത്തുകയാണ്. പ്രസ്തുത സ്കൂളുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ഗവൺമെന്റ് കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതു സംബന്ധിച്ച് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(8) <u>വോട്ടർ പട്ടികയും തിരിച്ചറിയൽ കാർഡും നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ. ബാബു</u>: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കാനിരിക്കുന്ന പൊതു തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും വോട്ടർ പട്ടികയും തിരിച്ചറിയൽ കാർഡും നിർബന്ധമാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി</u>): തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പ്രാബല്യത്തി

ലുള്ള കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടർ പട്ടിക അടിസ്ഥാന രേഖ യായി കണക്കാക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചി ട്ടുണ്ട്. പ്രസ്തുത തെരഞ്ഞെടുപ്പിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കി യിട്ടില്ല. എന്നാൽ 1995-ലെ കേരള പഞ്ചായത്ത്രാജ് മുനിസിപ്പാലിറ്റി ഇലക്ഷൻ നടത്തിപ്പ് ചട്ടപ്രകാരം ഓരോ സമയത്തും പ്രിസൈഡിംഗ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള പോളിംഗ് ഓഫീസറോ ആവശ്യപ്പെടുന്ന പക്ഷം കേന്ദ്ര ഇലക്ഷൻ കമ്മീഷൻ നൽകുന്ന തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ബാങ്ക്, പോസ്റ്റ് ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള പാസ് ബുക്ക് എന്നിവ യിലേതെങ്കിലും ഹാജരാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(9) <u>ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം</u>

<u>ശ്രീ. എ.എ. അസീസ്</u>: സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ):</u> ആശുപത്രി ഡെവലപ്മെന്റ് കമ്മിറ്റി നിലവിൽ വന്നശേഷം ഡിസ്പെൻസ റികൾക്ക് ആവശ്യമായ ഉപകരണങ്ങളും മറ്റു സംവിധാനങ്ങളും ഏർപ്പെ ടുത്തി തുടങ്ങിയിട്ടുണ്ട്. കിളിയല്ലൂരും കേരളപുരത്തും കൊട്ടിയത്തും സ്വന്തം കെട്ടിടങ്ങളിൽ ഡിസ്പെൻസറി പ്രവർത്തിക്കുന്നതുകൊണ്ട് അതിന്റേതായ സൗകര്യങ്ങളുണ്ട്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറി കൾക്ക് ഭൂമി ലഭ്യമാക്കിയാൽ പുതിയ കെട്ടിടം നിർമ്മിക്കാം എന്നും നിലവി ലുള്ള ഡിസ്പെൻസറികൾ മെച്ചപ്പെടുത്താൻ ഉദാരമായ നിലപാട് സ്വീകരി ക്കാമെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട്.

(10) കുമ്പളങ്ങി-എഴുപുന്ന പാലത്തിന്റെ അപ്രോച്ച് റോഡ്

ശ്രീ. സി.എം. ദിനേശ് മണി: പശ്ചിമകൊച്ചിയിലെ തെക്കൻ ജില്ലയുമായി ബന്ധപ്പെടുന്ന കുമ്പളങ്ങി-എഴുപുന്ന പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കുമ്പളങ്ങി-എഴുപുന്ന പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കുമ്പളങ്ങി വില്ലേജിൽനിന്നും 30 സെന്റും എഴുപുന്ന വില്ലേജിൽനിന്നും 34 സെന്റും ഏറ്റെടുക്കുന്നതിനായി അനുമതി കൊടുത്തിട്ടുണ്ട്. അതിനുവേണ്ടി വരുന്ന 33 ലക്ഷം രൂപ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുകയാണ്.

(11) കോഴിക്കോട് സരോവരം ബയോപാർക്ക് പദ്ധതിയുടെ

രണ്ടാംഘട്ട പ്രവർത്തനങ്ങൾ

ശ്രീ. എ. പ്രദീപ് കുമാർ: സരോവരം ബയോപാർക്ക് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : കോഴിക്കോട് സരോവരം ബയോ പാർക്കിന് അനുവദിച്ച 80 ഏക്കർ സ്ഥലത്തിൽ 13 ഏക്കർ കരഭൂമിയും 67 ഏക്കർ വെള്ളക്കെട്ടുമാണ്. കരഭൂമിയുടെ ഭാഗത്ത് ആദ്യഘട്ട പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 379.04 ലക്ഷം രൂപ അനുവദിക്കുകയും ടെന്ററിംഗ് ജോലികൾ ആരംഭിക്കുകയും അക്വാറിയം, ജലധാര, ഓപ്പൺ എയർ സ്റ്റേജ് തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഭൂമി

ആവശ്യമായി വരുമ്പോൾ ഏറ്റെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(12) കൈവശക്കാർക്ക് പട്ടയം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: കോഴിക്കോട് ജില്ലയിൽ ചങ്ങരോത്ത് പഞ്ചായത്തിൽ ജാനകിക്കാട്ടുള്ള കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചങ്ങരോത്ത് പഞ്ചായത്തിൽ കുറെയധികം കുടുംബങ്ങൾ വീട് വച്ച് താമസിക്കുന്ന 53.66 ഏക്കർ ഭൂമി അന്വേഷണത്തിൽ അനന്തരാവകാശികളില്ലാത്ത ഭൂമിയാണെന്ന് അറിയുന്നതിനാൽ ഏറ്റെടുത്ത് അർഹരായ കൈവശക്കാർക്ക് പതിച്ച് നൽകാനും ബാക്കി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

(13) സ്ഥിര താമസക്കാർക്ക് പട്ടയം

ശ്രീ. എം. എം. മോനായി: എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ കുഴുപ്പിള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ വിവിധ സർവ്വേ നമ്പരുകളിലായുള്ള ഭൂമി തോട് പുറമ്പോക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആവശ്യമായ പരിശോധന നടത്തി റവന്യു വകുപ്പിൽ ഡീവെസ്റ്റ് ചെയ്ത് സ്ഥിരതാമസക്കാരായ അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കേരള പഞ്ചായത്തിരാജ് ആക്ട് അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ തോട് പുറം പോക്ക് ഭൂമിയുടെ ഭരണം ഏറ്റെടുക്കാമെന്നുള്ളതല്ലാതെ പതിച്ചുനൽകുന്ന

തിന് നിർവ്വാഹമില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് പാസ്സാക്കിയ പ്രമേയം സഹിതം തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ച് എത്രയും പെട്ടെന്ന് ഡീവെസ്റ്റ് ചെയ്ത് റവന്യൂ റിക്കാർഡുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അർഹരായവർക്ക് പതിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(14) ഫൈലേറിയ കൺട്രോൾ ഡിവിഷൻ

ശ്രീ. പി. തിലോത്തമൻ: ചേർത്തലയിലെ ഫൈലേറിയ കൺട്രോൾ ഡിവിഷൻ കോട്ടയത്തേയ്ക്ക് മാറ്റാനുള്ള ഉത്തരവ് പിൻവലിക്കണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പത്ത് ജില്ലകളിലായി പതിനാറ് നാഷണൽ ഫൈലേറിയ കൺട്രോൾ പ്രോഗ്രാം യൂണിറ്റും തിരുവനന്തപുരത്തും കാസർഗോട്ടും രണ്ട് ഫൈലേറിയ സർവ്വേ യൂണിറ്റും ചേർത്തലയിൽ ഫൈലേറിയ കൺട്രോൾ വർക്ക്സും എറണാകുളത്തും കോഴിക്കോട്ടും രണ്ട് സോണൽ മലേറിയ യൂണിറ്റുകളുമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിൽ കൊതുകു നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ചേർത്തലയിൽ മന്ത് വ്യാപകരുടെ എണ്ണം കുറഞ്ഞുവരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുള്ളതിനാൽ ആലപ്പുഴ യൂണിറ്റിന്റെ ഒരു സബ് യൂണിറ്റ് അവിടെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(15) നറണിയിലുണ്ടായ അനിഷ്ട സംഭവങ്ങൾ

ശ്രീ. കെ. അച്ചുതൻ: നറണി സംഘർഷവുമായി ബന്ധപ്പെട്ടുണ്ടായ അനിഷ്ടസംഭവങ്ങളെക്കുറിച്ചും ജനതാദൾ പ്രവർത്തകരെ അന്യായമായി പുതുനഗരം പോലീസ് കസ്റ്റഡിയിൽ വച്ചതിനെക്കുറിച്ചും അന്വേഷിക്കുന്ന

തിനും യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാലക്കാട് പുതുനഗരം പോലീസ് സ്റ്റേഷൻ പരിധിയിലെ നറണി എന്ന സ്ഥലത്ത് 7-3-2010-ന് വൈകിട്ട് 5.30-ന് കോഴിപ്പോരുമായി ബന്ധപ്പെട്ടുണ്ടായ വാക്കേറ്റത്തെത്തുടർന്ന് കല്ലത്തോട് എന്ന സ്ഥലത്തുവച്ച് ജനതാദൾ പ്രവർത്തകനുനേരെ പതിനഞ്ചോളം പേർ ചേർന്ന് പന്നിപ്പടക്കമെറിയുകയും മോട്ടോർ സൈക്കിളിന് തീയിടുകയും ചെയ്ത സംഭവത്തിൽ പുതുനഗരം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് വൈകിട്ട് 5.35-ന് നറണിയിൽ വച്ച് ഒരു സ്വകാര്യ ബസ്സിന്റെ ചില്ലുകൾ ചിലർചേർന്ന് അടിച്ച് തകർത്തതായും പത്തോളം ജനതാദൾ പ്രവർത്തകർ ചേർന്ന് നാരായണി എന്ന സ്ത്രീയുടെ വീട്ടിൽ അതിക്രമിച്ചുകയറി ടി.വി. അടിച്ചുപൊട്ടിച്ചതായും അവിടെയുണ്ടായിരുന്ന മോട്ടോർ സൈക്കിൾ കളവുപോയതായുമുള്ള പരാതിയെത്തുടർന്ന് മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8-ാം തീയതി രാത്രി പുതുനഗരം പോലീസ് സ്റ്റേഷൻ പരിധിയിലെ വണ്ടിത്താവളത്തുള്ള കോ-ഓപ്പറേറ്റീവ് ബാങ്ക് ജനതാദൾ പ്രവർത്തകന്റെ വീട്, ജനതാദൾ പാർട്ടി ഓഫീസ് എന്നിവയ്ക്കു നേരെ അക്രമങ്ങൾ ഉണ്ടായതിനെ സംബന്ധിച്ചും സി.പി.ഐ.(എം.) പാർട്ടി ഓഫീസിനുമുൻവശത്തുള്ള കൊടിമരം നശിപ്പിച്ചതിനേയും, ചിറ്റൂർ ആനയ്ക്കോട്ടുള്ള ജനതാദൾ പാർട്ടി ഓഫീസിൽ ഭാഗീകമായി തീപിടിത്തമുണ്ടായതിനേയും ഇതിനടുത്തുള്ള കള്ളുഷാപ്പ് തീവച്ചതിനേയും സംബന്ധിച്ച് ആക്ഷേപം ലഭിച്ചതനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയതിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ട് സ്ഥലത്ത് ക്യാമ്പു ചെയ്ത് എല്ലാ

കേസ്സുകളിലെയും പ്രതികളെ പിടികൂടുന്നതിനുള്ള നടപടികളും റെയ്ഡും നടന്നുവരികയാണ്. ചിറ്റൂരിൽ നിയമവാഴ്ച പുന:സ്ഥാപിക്കുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(16) വന്ധ്യതാനിവാരണ ക്ലിനിക്കുകൾ

ശ്രീമതി കെ.കെ. ലതിക: സ്വകാര്യ മേഖലയുടെ കൊടിയ ചൂഷണം അവസാനിപ്പിക്കുന്നതിന് സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെങ്കിലും വന്ധ്യതാ നിവാരണ ക്ലിനിക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): തിരുവനന്തപുരത്തും കോട്ടയത്ത് മെഡിക്കൽകോളേജ് ആശുപത്രികളോടനുബന്ധിച്ചും തിരുവനന്തപുരത്തെ തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും ഇപ്പോൾ വന്ധ്യതാ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം എസ്.എ.ടി.യിൽ ഒന്നരക്കോടി രൂപ ചെലവ് വരുന്ന അത്യാധുനിക സൗകര്യങ്ങളോടുകൂടി State of ART (Assisted Reproductive Therapy) ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ക്ലിനിക്ക് ശക്തിപ്പെടുത്തുന്നതിനും മറ്റു മൂന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിലും പ്രത്യേക വന്ധ്യതാ നിവാരണ ക്ലിനിക്ക് തുടങ്ങുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികളോടനുബന്ധിച്ചും വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ തുടങ്ങുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) 2010-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിനെക്കുറിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ

സംബന്ധിക്കുന്ന പൊതു ചർച്ച (തുടർച്ച)

ശ്രീ. സി.കെ.പി. പത്മനാഭൻ: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളടങ്ങിയതും സാധാരണക്കാരെ സംരക്ഷിക്കുന്നതുമായ ബഡ്ജറ്റാണിത്. ബദൽ നയങ്ങൾ വച്ചുകൊണ്ട് കേന്ദ്ര നയത്തിനെതിരെ പൊരുതിയാണ് കേരള സർക്കാർ മുന്നേറുന്നത്. ലോകമാകെ ഗുരുതരമായ സാമ്പത്തിക, ഊർജ്ജ, പരിസ്ഥിതി പ്രതിസന്ധികൾ നേരിടുന്ന അവസരത്തിലും പ്രത്യക്ഷമായും പരോക്ഷമായും നികുതി വർദ്ധിപ്പിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. തൊഴിലില്ലായ്മ രൂക്ഷമാകുകയും നാലു കോടിയിൽപ്പരം ആളുകൾ പ്രതിദിനം 50 രൂപയ്ക്ക് ജോലി ചെയ്യാൻ എൻ.ആർ.ഇ.ജി. പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന അവസ്ഥയാണുള്ളത്. തൊഴിൽ വിദഗ്ദ്ധർ കുറഞ്ഞുവരുന്നു. ഇൻഡ്യയുടെ പൊതുസ്വത്ത് വിറ്റഴിക്കാനും സമ്പന്നവർഗ്ഗങ്ങളുടെ

താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ക്ഷേമപെൻഷനുകൾ പ്രതിമാസം 300 രൂപയാക്കി ഉയർത്തി. അഞ്ചു ലക്ഷത്തിലേറെ വീടുകൾ പാവപ്പെട്ടവർക്ക് നിർമ്മിച്ചു നൽകാനും തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും പരിഹാരം ഉണ്ടാക്കാനുമുള്ള നടപടി കളാണ് സ്വീകരിച്ചു വരുന്നത്. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാതെ സംസ്ഥാനത്തിനുള്ള ഭക്ഷ്യവിഹിതത്തിൽ വെട്ടിക്കുറവ് വരുത്തുകയാണ് കേന്ദ്രഗവണ്മെന്റ് ചെയ്തത്. പുതിയ ഭക്ഷ്യനയം പിൻവലിച്ച് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വികസന പദ്ധതികൾക്ക് ചെലവഴിക്കേണ്ട പണം വിലക്കയറ്റം തടയാനായി ചെലവഴിക്കേണ്ടിവരുന്ന സ്ഥിതിയാണുള്ളത്. ജന്മി-കുടിയാൻ സമ്പ്രദായം അവസാനിക്കാൻ മലബാർ കുടിയാന്മ നിയമത്തിൽ ഭേദഗതി വരുത്തിയത് എൽ.ഡി.എഫ്. സർക്കാരാണ്. ആഡംബര നികുതി വർദ്ധിപ്പിക്കണം. റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന വികസനപ്രവർത്തനങ്ങൾക്ക് കൂടുതൽ തുക നീക്കി വയ്ക്കണം.

<u>ശ്രീ. കെ.സി. ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ദിശാബോധമില്ലാത്തതും ദീർഘവീക്ഷണമില്ലാത്തതുമായ ബഡ്ജറ്റാണിത്. മുൻവർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വികസന അജണ്ട നടപ്പാക്കിയിട്ടില്ല. ജനങ്ങളുടെ പർച്ചേസിംഗ് പവർ കൂട്ടാനോ ബദൽ സാമ്പത്തിക സമീപനം സ്വീകരിക്കാനോ സാധിച്ചില്ല. ധനകാര്യ കമ്മീഷനു മുമ്പാകെ സംസ്ഥാന വികസന നയത്തെപ്പറ്റി വ്യക്തമാക്കാൻ സാധിച്ചില്ല. കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ പേരും ഘടനയും മാറ്റി സംസ്ഥാന പദ്ധതികളായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാന

കടാശ്വാസ കമ്മീഷൻ പ്രവർത്തനം ഫലപ്രദമാക്കണം. ക്രെഡിബിലിറ്റി നഷ്ടപ്പെട്ട ഒരു സർക്കാരാണിത്. മലയോര ഹൈവേയ്ക്ക് തുക നീക്കി വച്ചിട്ടില്ല. തൊഴിൽരഹിതരെ അവഗണിക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. കണ്ണൂർ യൂണിവേഴ്സിറ്റി ലൈബ്രറിക്ക് തുക അനുവദിക്കണം. കൊടുങ്ങല്ലൂരിലെ മുസരീസ് പ്രോജക്ടിന് തുക മാറ്റി വയ്ക്കണം. മൺപാത്ര നിർമ്മാണത്തെക്കൂടി പരമ്പരാഗത വ്യവസായ ത്തിലുൾപ്പെടുത്തി ഈ മേഖലയിലെ തൊഴിലാളികളുടെ ഉന്നമനം ഉറപ്പാക്കണം.

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതികൂല സാഹചര്യത്തിലും ജനതാൽപ്പര്യം പ്രതിഫലിപ്പിക്കുന്ന ദീർഘവീക്ഷണവും നയസമീപനവുമുള്ള ബഡ്ജറ്റാണിത്. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി അനുവദിച്ചതും പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിലെ പിന്നോക്ക മേഖലയിലെ ജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കാനായി സ്പിന്നിംഗ് മിൽ ആരംഭിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനാർഹമാണ്. മലബാർ പദ്ധതിയിലുൾപ്പെടുത്തി ഹോസ്ദുർഗ് മണ്ഡലത്തിൽ പാലം, റോഡ് പണികൾക്ക് ആരംഭം കുറിച്ചു. പാൽക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ക്ഷീര കർഷകർക്ക് പലിശരഹിത വായ്പയും കുറഞ്ഞ പലിശയ്ക്ക് വായ്പയും ലഭ്യമാക്കണം. കാലിത്തീറ്റയുടെ സബ്സിഡി വർദ്ധിപ്പിക്കണം. സാധാരണക്കാരായ എ.പി.എൽ.-കാർക്കും പൊതുവിതരണ സമ്പ്രദായത്തിലൂടെ അരി വില കുറച്ചു നൽകാൻ നടപടി സ്വീകരിക്കണം. ചേർത്തലയിലെ മോട്ടോർ തൊഴിലാളി സഹകരണ സംഘത്തിനാവശ്യമായ

സഹായം ലഭ്യമാക്കണം. ദേശീയ തൊഴിലുറപ്പ് പദ്ധതി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെന്ന പേരിൽ നഗരങ്ങളിൽക്കൂടി നടപ്പിലാക്കുന്നത് ഒരുപരിധി വരെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകുന്നതാണ്. ഗുണഭോക്താക്കൾക്ക് 200 ദിവസം തൊഴിൽ നൽകാനും മിനിമം കൂലി 200 രൂപയാക്കി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ചെറുകിട, വൻകിട വ്യത്യാസമില്ലാതെ തോട്ടം മേഖലയിലെ എല്ലാ തൊഴിലാളികളേയും ഒരു കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തണം. കുത്തക മുതലാളിമാരെ സഹായിക്കാനുള്ള നടപടികളല്ലാതെ ഇൻഡ്യയുടെ ഗ്രാമീണ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താനോ പാവപ്പെട്ടവനെ സഹായിക്കാനോ യാതൊരു നടപടിയും കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല.

<u>ശ്രീ. കെ. എം. മാണി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ വിഷൻ അനുസരിച്ച് കാര്യങ്ങൾ നീങ്ങുന്നില്ല എന്നുള്ളത് മുൻബഡ്ജറ്റുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. 2010-2011 -ലെ ബഡ്ജറ്റിൽ 3629 കോടി രൂപയുടെ റവന്യൂ കമ്മിയും 6697 കോടി രൂപയുടെ ഫിസ്ക്കൽ ഡെഫിസിറ്റുമാണ് കാണിക്കുന്നത്. 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡിനേക്കാൾ 107 ശതമാനം വർദ്ധനവ് 13-ാം ധനകാര്യ കമ്മീഷനിൽ വന്നിട്ടും അവാർഡ് മോശമായതുകൊണ്ട് റവന്യു സർപ്ളസ് ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞില്ലെന്നും അയ്യായിരം കോടി രൂപയുടെ നഷ്ടം വന്നു എന്നുംപറയുന്നത് വസ്തുതാ വിരുദ്ധമാണ്. ലോക്കൽ ബോഡീസിനും സ്പെസിഫിക് നീഡ്സിനും കലാമിറ്റീസ് റിലീഫിനും മെയിന്റനൻസ് ഓഫ് റോഡ്സിനും എലിമെന്ററി എഡ്യൂക്കേഷനുമെല്ലാം 12-ാം ധനകാര്യ കമ്മീഷനേക്കാൾ 13-ാം ധനകാര്യ കമ്മീഷനിൽ അവാർഡ് കൂടുതൽ ലഭിച്ചിട്ടുണ്ട്. 2009-2010 വർഷത്തെ അപേക്ഷിച്ച് 2010-2011-ൽ

മൂലധനച്ചെലവ് വർദ്ധിച്ചത് സംസ്ഥാന സർക്കാർ അടയ്ക്കേണ്ട കടം അടയ്ക്കാത്തതുകൊണ്ടാണ്. നോൺപ്ളാൻ ചെലവുകളും റവന്യൂ കമ്മിയും കുറച്ച് റവന്യൂ വരുമാനം ജനറേറ്റ് ചെയ്ത് വരുമാനം വർദ്ധിപ്പിച്ച് ക്യാപിറ്റൽ മേഖലയിലേയ്ക്ക് മുടക്കാൻ കഴിയുന്നതാണ് ശക്തമായ ധനകാര്യ മാനേജുമെന്റ്. പാട്ടകുടിശ്ശിക നിശ്ചയിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമഭേദഗതി കൊണ്ടുവരേണ്ട കാര്യമില്ല. എ.ആർ. എം. ജനങ്ങളെ ദ്രോഹിക്കുന്ന നടപടിയാണ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ട്രഷറി പൂട്ടാതെ സാമ്പത്തിക അച്ചടക്കം പാലിച്ച് മുന്നോട്ട് പോകാൻ സാധിക്കുന്നു എന്നുള്ളത് ഈ സർക്കാരിന്റെ നേട്ടമാണ്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് ദിശാബോധത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സർക്കാരാണിത്. മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ മൂവായിരം കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുത്തതിൽ 60 ശതമാനം പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയതിൽ 50 ശതമാനത്തിന് ടെന്റർ കൊടുത്തുകഴിഞ്ഞു. ബാക്കിയുള്ളത് ലാന്റ് അക്വിസിഷൻ വേണ്ടി വരുന്ന പദ്ധതികളാണ്. കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന 4296 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. ഭരണ-പ്രതിപക്ഷ ഭേദമെന്യേ 140 മണ്ഡലങ്ങളിലും കൂടി നിർമ്മാണ പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ അനുവദിച്ചു. വിഷൻ 2010 പദ്ധതി വിജയകരമായി നടന്നുവരുന്നു. ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികൾ ഫലപ്രദമാക്കി മാറ്റുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക്

നൽകണം. ഇ-ടെന്ററിംഗ് സിസ്റ്റവും, ഇ-പേമെന്റ് സിസ്റ്റവും കൂടുതൽ സുതാര്യമാക്കണം. സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന നീക്കങ്ങൾക്കെതിരെ ജാഗ്രത പുലർത്താനുതകുന്ന നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ട്.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> ബഡ്ജറ്റിനെ എതിർക്കുന്നു. 577.09 കോടി രൂപയുടെ കമ്മി ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പല പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പുവർഷത്തെ വാർഷിക പദ്ധതിയുടെ 49 ശതമാനം മാത്രമേ ഇതുവരെ വിനിയോഗിച്ചിട്ടുള്ളു. തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ 30 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ബഡ്ജറ്റിലെ നല്ലൊരു ഭാഗം പദ്ധതികളും കേന്ദ്രസഹായ പദ്ധതികളാണ്. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വിജയിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. മദ്യത്തിനും കാറിനുമൊഴികെ അധിക നികുതി നിർദ്ദേശങ്ങളോ വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണി ഇടപെടലിനുള്ള തുകയോ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. പൊതു സ്വകാര്യ പങ്കാളിത്തത്തിന് അനുകൂല സാഹചര്യമുണ്ടാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. നാല് വർഷമായിട്ടും സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടില്ല. മലബാറിൽ ഒരു ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. ന്യൂനപക്ഷങ്ങളെ പൂർണ്ണമായും അവഗണിച്ച ഒരു ബഡ്ജറ്റാണിത്. പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. ഹജ്ജ് കമ്മിറ്റിക്കും

വഖഫ് ബോർഡിനും നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. പ്രവാസികൾക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല. പാത ഇരട്ടിപ്പിക്കലിന് കേന്ദ്രം തുക അനുവദിച്ചിട്ടും റെയിൽവേ വികസനം മന്ദീഭവിച്ചിരിക്കുകയാണ്. മഞ്ചേരി നിയോജകമണ്ഡലത്തിലെ ജനറൽ ആശുപത്രിയുടെയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുകയും വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകയിരുത്തുകയും ചെയ്യണം. മഞ്ചേരിയിൽ ഈ വർഷം തന്നെ ഫയർ സ്റ്റേഷൻ ആരംഭിക്കണം.

ശ്രീമതി ജെ. അരുന്ധതി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കാർഷിക അഭിവൃദ്ധിയും സാമൂഹിക നീതിയും ഉറപ്പാക്കി ക്ഷേമപെൻഷനുകളും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ച് പാവങ്ങളോട് നീതി പുലർത്തുന്ന ഒരു ബഡ്ജറ്റാണിത്. എ.പി.എൽ വിഭാഗത്തിലുള്ളവർക്കടക്കം 35 ലക്ഷം പേർക്ക് ഒരു കിലോ അരി രണ്ട് രൂപയ്ക്ക് ലഭ്യമാക്കാനും ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികൾ ഫലപ്രദമാണെന്ന് കേന്ദ്ര ഏജൻസിപോലും അഭിപ്രായപ്പെട്ടിട്ടുണ്ട്. എക്സൈസ് ഡ്യൂട്ടിയിൽ ഇളവ് വരുത്തുന്നതിനാൽ പഞ്ചസാരയുടെ വിലക്കയറ്റം തടയാൻ സാധിക്കും. പഞ്ചായത്തിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ വ്യക്തതയുണ്ടാകണം. മരാമത്ത്, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കളക്ടർമാർക്ക് അനുവദിക്കാവുന്ന എ.എസ് തുക 15 ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം.

ഒ.ഡി.ആർ.-കൾ പി.ഡബ്ല്യൂ.ഡി-യെ തിരിച്ചേൽപ്പിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സാധിക്കും. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് കൊണ്ടുവന്ന പ്രോജക്ടിൽ മൺപാത്ര നിർമ്മാണ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണം. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ വേതനം ഈ ഏപ്രിൽ മാസത്തിലെങ്കിലും വർദ്ധിപ്പിക്കണം. തൊഴിലുറപ്പ് പദ്ധതികളെ എൻ.ജി.ഒ.-യെ ഏല്പിക്കാനുള്ള നീക്കം ഉപേക്ഷിക്കണം. കയ്യേറ്റക്കാരിൽ നിന്ന് പിടിച്ചെടുത്ത് ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള ഭൂമി ഭൂരഹിതർക്കും ആദിവാസികൾക്കും സമയബന്ധിതമായി വിതരണം ചെയ്യണം. സർക്കാർ ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ബഡ്ജറ്റിനെ പിന്താങ്ങുന്നു. സാമൂഹിക വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതും പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതുമായ ബഡ്ജറ്റാണിത്. കേന്ദ്ര ബഡ്ജറ്റിൽ കേരള ത്തിനുവേണ്ടി ഒരു പദ്ധതിപോലും അനുവദിച്ചിട്ടില്ല. കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇന്ധനവില വർദ്ധനവ് സമൂഹത്തിലെ എല്ലാ മേഖലയേയും തളർത്തിയിരിക്കുകയാണ്. പൊതുമേഖലയിൽ 40,000 കോടി രൂപയുടെ ഓഹരികളാണ് വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. വളം സബ്സിഡി ഇനത്തിൽ 3000 കോടി രൂപ വെട്ടിക്കുറച്ചു. ഭക്ഷ്യ സബ്സിഡി യിൽ 400 കോടി രൂപയുടെ കുറവ് വരുത്തി. കേരളത്തിനുള്ള ഐ.ഐ.ടി., കൊച്ചി മെട്രോ, പ്രവാസി മലയാളികൾക്കുള്ള സുരക്ഷാപദ്ധതി, യുവജന ക്ഷേമ പദ്ധതി എന്നിവയെ സംബന്ധിച്ച് കേന്ദ്ര ബഡ്ജറ്റിൽ പരാമർശമൊന്നു മില്ല. നോർക്കയുടെ പ്രവർത്തനം ശക്തമാക്കുന്നതിന് ഈ ഗവൺമെന്റ് 100

കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് എ.പി.എൽ.- ബി.പി.എൽ. വ്യത്യാസം നോക്കാതെ കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കുന്ന പദ്ധതിയിൽ ഈ മൺപാത്ര നിർമ്മാണ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണം. കഴിഞ്ഞ വർഷം തുടങ്ങിയ വർക്കുകൾ പൂർത്തിയാക്കുന്നതിന് അഡീഷണൽ ഓതറൈസേഷനിലൂടെ തുക അനുവദിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിനെ തിരിച്ചേൽപിച്ച് അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയുണ്ടാകണം. കൊല്ലം ജില്ലയിലെ 7 ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്ന ശാസ്താംകോട്ട ശുദ്ധജല തടാകത്തെ സംരക്ഷിക്കണം. മുസ്ലീങ്ങൾ നിസ്ക്കരിക്കുന്ന മുസല്ലായ്ക്കും തസ്ബിമാലയ്ക്കും നികുതി ഒഴിവാക്കണം.

<u>ശ്രീ. കെ.കെ. ദിവാകരൻ</u> : ബഡ്ജറ്റിനെ പിന്താങ്ങുന്നു. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വനിത സംവരണ ബിൽ രാജ്യസഭയിൽ പാസ്സാക്കാതെ മാറ്റിവച്ചതുവഴി സ്ത്രീ സമൂഹത്തെ കോൺഗ്രസ് അപമാനിച്ചിരിക്കുകയാണ്. ഹരിത ഫണ്ടിന് 1000 കോടി രൂപ നീക്കി വയ്ക്കുകയും ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി കാർഷിക മേഖലയുടെ അടങ്കൽ തുക വർദ്ധിപ്പിക്കുകയും ചെയ്തു. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചു. മൺപാത്ര വ്യവസായ തൊഴിലാളികൾക്ക് പ്രത്യേക പരിഗണന കൊടുക്കണം. കോർപ്പറേറ്റ് സ്ഥാപനങ്ങളെ സഹായിക്കാനുള്ള നടപടിയാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. കാർഷിക മേഖലയ്ക്ക്

അനുവദിക്കുന്ന വായ്പകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. ഗ്രാമീണ മേഖലയിൽ നിന്ന് ദേശീയ ബാങ്കുകൾ പിൻവാങ്ങുകയും സ്വകാര്യ ബാങ്കുകൾ കടന്നു വരികയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. പഞ്ചസാരയുടെ വില വർദ്ധനവ് തടയാൻ ബഫർ സ്റ്റോക്ക് ഉണ്ടാക്കുന്നതിനുപകരം കയറ്റുമതി ചെയ്യുന്ന സമീപനം ഒഴിവാക്കണം. ഏതാണ്ട് 5 ലക്ഷം കോടി രൂപയുടെ ഇളവുകളാണ് വൻകിട കോർപ്പറേറ്റുകൾക്ക് കേന്ദ്ര ബഡ്ജറ്റിലൂടെ ലഭിച്ചത്. മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധി പരിഷ്ക്കരിക്കുന്നതോടൊപ്പം എല്ലാ വിഭാഗം മോട്ടോർ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. "റെന്റ് എ കാർ" സമ്പ്രദായം പൂർണ്ണമായി നിയന്ത്രിക്കണം. സ്വകാര്യ ബസ് വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. കെ.എസ്.ആർ.ടി.സി.യിലെ ഒഴിവുകളിൽ ക്വാളിഫൈഡായിട്ടുള്ളവരെ നിയമിക്കണം. ഗവൺമെന്റിന്റെ കാര്യക്ഷമമായ ഇടപെടലിലൂടെ കെ.എസ്.ആർ.ടി.സി.യിൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ലോഫ്ളോർ ബസ്സുകൾക്ക് ഒരു പ്രത്യേക കോർപ്പറേഷനുണ്ടാക്കുന്നത് കെ.എസ്.ആർ.ടി.സി.യെ ദോഷകരമായി ബാധിക്കും.

<u>ശ്രീ. മാത്യു ടി. തോമസ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അനുവദിച്ചതിനേക്കാൾ കുറഞ്ഞ തുക പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചത് പ്രതിഷേധാർഹമാണ്. കേന്ദ്ര ബഡ്ജറ്റിൽ ഉദാരവൽക്കരണ നയങ്ങൾ തുടരാനുള്ള വ്യഗ്രതയാണുള്ളതെങ്കിൽ സംസ്ഥാന ബഡ്ജറ്റിൽ ആഗോള സാമ്പത്തിക മാന്ദ്യവും ആസിയാൻ കരാറും സൃഷ്ടിച്ച സമ്മർദ്ദങ്ങളെ അതിജീവിച്ചുകൊണ്ട്

ജനങ്ങൾക്ക് സഹായമെത്തിക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തി കൂടുതൽ ആളുകൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാനും നഗര തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാനും കാർഷിക മേഖലയെ ശക്തിപ്പെടുത്താനും പുതിയ പൊതുമേഖലാ സ്ഥാപന ങ്ങൾ ആരംഭിക്കാനും വിലക്കയറ്റം തടയാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെല്ലുല്പാദനം വർദ്ധിപ്പിച്ചു. ക്ഷേമ പെൻഷൻ മുന്നൂറ് രൂപയാക്കി. പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി 1000 കോടി രൂപയുടെ ഹരിത ഫണ്ട് രൂപീകരിക്കുകയും ബഡ്ജറ്റിൽ അതിനുവേണ്ടി 100 കോടി രൂപ നീക്കി വയ്ക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്.

ശ്രീ. യു.സി. രാമൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുന്നതിനുവേണ്ടി മാത്രമുള്ള ബഡ്ജറ്റായി സംസ്ഥാന ബഡ്ജറ്റ് അധ:പതിച്ചിരിക്കുന്നു. കഴിഞ്ഞ നാല് വർഷംകൊണ്ട് സംസ്ഥാനത്തിന്റെ പൊതുകടം ഇരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അൻപത് ദിവസം ജോലി ചെയ്തവർക്ക് രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന് പറയുന്നുണ്ടെങ്കിലും ശരാശരി ഇരുപത്തി രണ്ട് ദിവസം മാത്രമാണ് ജോലി ലഭിച്ചിട്ടുള്ളത് എന്നതുകൊണ്ട് അരി വാങ്ങാൻ അർഹതയുള്ളവരുണ്ടാകില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു വർഷംകൊണ്ട് രണ്ട് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പ്രവാസികൾക്കുവേണ്ടി ഒരു പ്രത്യേക പദ്ധതി കൊണ്ടുവരികയോ ഫിനിഷിംഗ് സ്ക്കൂൾ, ഇന്റർനാഷണൽ സ്ക്കൂൾ എന്നിവ ആരംഭിക്കുകയോ ചെയ്തിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കണം. വിവിധ വികസന പ്രവർത്ത

നങ്ങൾക്കായി പണം അനുവദിക്കുമ്പോൾ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന ബഡ്ജറ്റാണിത്. വിലക്കയറ്റം തടഞ്ഞുനിറുത്താനും കാർഷിക പ്രതിസന്ധി പരിഹരിക്കാനും വ്യാവസായിക വളർച്ചയ്ക്ക് ദിശാബോധം ഉണ്ടാക്കാനും സ്ത്രീ ശാക്തീകരണത്തിനുമുള്ള നിർദ്ദേശങ്ങളടങ്ങിയ ബഡ്ജറ്റാണിത്. അടയ്ക്ക കൃഷിക്കാർക്കുവേണ്ടി നീക്കിവച്ചിട്ടുള്ള പത്ത് കോടി രൂപ ഉപയോഗിച്ച് മാർക്കറ്റ് സപ്പോർട്ട് സ്കീമുണ്ടാക്കി ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയിൽ പുതിയ ടെക്സ്റ്റൈൽ മേഖല ആരംഭിക്കാനുള്ള ശ്രമം സ്വാഗതാർഹമാണ്. രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ മൺപാത്ര തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തണം. ക്ഷേമ പെൻഷൻ മുന്നൂറ് രൂപയായി വർദ്ധിപ്പിച്ചതും നഗര തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിച്ചതും പുതിയ നികുതി നിർദ്ദേശങ്ങളില്ലാതെ വിലക്കയറ്റം തടഞ്ഞുനിറുത്താനുള്ള നടപടികൾ സ്വീകരിച്ചതും ക്ഷേത്രസ്ഥാനീയർക്ക് പെൻഷൻ ഏർപ്പെടുത്തിയതും സ്വാഗതാർഹമാണ്. കേന്ദ്രഗവൺമെന്റ് സബ്സിഡി വെട്ടിക്കുറച്ചതിന്റെ ഫലമായി ഉത്പാദന ചെലവ് കൂടിയിട്ടുണ്ടെങ്കിലും നെല്ല്, കുരുമുളക്, പച്ചക്കറി, നാളികേരം എന്നിവയുടെ കൃഷിക്കുവേണ്ടി തുക നീക്കിവച്ചുകൊണ്ട് കാർഷിക മേഖലയിൽ ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും എട്ടെണ്ണം ആരംഭിക്കാനുമുള്ള നടപടി ശ്ലാഘനീയമാണ്. പരമ്പരാഗത വ്യവസായ മേഖലയെ രക്ഷിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗം പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ

ബഡ്ജറ്റ് സപ്പോർട്ട് നൽകിയിട്ടുണ്ട്. സാംസ്ക്കാരിക സ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. തൊഴിൽ പരിശീലനത്തിനും പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിനും എസ്.സി./എസ്.ടി. വിഭാഗത്തിന് കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിനും സാധിച്ചു. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കന്നട മീഡിയത്തിൽ പഠിക്കുന്ന കുട്ടികൾക്കായി ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീട്, വൈദ്യുതി, വെള്ളം എന്നിവ എത്തിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. കേരളത്തിലെ വിവിധ മണ്ഡലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി.എം.എ. സലാം</u>: ബഡ്ജറ്റിനെ പിന്താങ്ങുന്നു. രണ്ട് രൂപയ്ക്ക് അരി നൽകും എന്നുള്ള പ്രഖ്യാപനം 35 ലക്ഷം കുടുംബങ്ങളെ സംബന്ധിച്ച് വളരെയേറെ ആശാവഹമാണ്. കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയുടെ വികസനത്തിനുവേണ്ടി തുക മാറ്റി വച്ചതും കാർഷിക മേഖലയ്ക്ക് നൽകിയ പ്രാധാന്യവും സ്വാഗതാർഹമാണ്. നാലര ശതമാനം വരെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് നൽകിയതും വീടുവയ്ക്കുന്നതിനായി അഞ്ച് സെന്റുവരെ ഭൂമി വാങ്ങുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പൂർണ്ണമായും സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കിയതും ആശ്വാസകരമാണ്. അനാഥർക്കും വൃദ്ധർക്കുമുള്ള ഗ്രാന്റ് 250 രൂപയായി വർദ്ധിപ്പിച്ചതും പുതുതായി രജിസ്റ്റർ ചെയ്യുന്ന അനാഥശാലകൾക്കും വൃദ്ധസദനങ്ങൾക്കും ഗ്രാന്റ് അനുവദിച്ചതും സാമൂഹ്യക്ഷേമ കാര്യങ്ങളിലുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് വ്യക്തമാക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ

ലാഭത്തിലാക്കാൻ കഴിഞ്ഞു. എട്ട് പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതുവഴി ലക്ഷക്കണക്കിന് യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ സാധിക്കും. മലബാർ സ്പിന്നിംഗ് മില്ലിനുവേണ്ടി തുക മാറ്റിവച്ചതും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സ്വാഗതാർഹമാണ്. കഴിഞ്ഞ ഒരു മാസംകൊണ്ട് കോടിക്കണക്കിനു രൂപയുടെ മണൽ മലമ്പുഴ ഡാമിൽനിന്നു മാത്രം ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട കുട്ടികളെ മത്സര പരീക്ഷകൾക്കുവേണ്ടി സജ്ജരാക്കുന്ന കോച്ചിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചത് അഭിനന്ദനീയമാണ്. ന്യൂനപക്ഷ ക്ഷേമത്തിനായി മാറ്റിവച്ച തുക വർദ്ധിപ്പിക്കണം. പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനുവേണ്ടി എട്ട് കോടി രൂപ ചെലവാക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. 30,000-ത്തോളം അംഗങ്ങളുള്ള പ്രവാസി ക്ഷേമനിധി പ്രവർത്തനം ആരംഭിച്ചതും പ്രത്യേക വായ്പാ പദ്ധതിക്കായി 100 കോടി രൂപ അനുവദിച്ചതും നല്ല കാര്യമാണ്. കെട്ടിടനിർമ്മാണ ചട്ടത്തിലെ അപാകതകൾ പരിഹരിക്കണം. ദേശീയ പാത വികസനത്തിൽ ജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന രീതിയിലുള്ള നിലപാട് ഉണ്ടാകണം. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് സ്ഥാപിക്കാനുള്ള ഫണ്ട് അനുവദിക്കണം.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വഖഫ് ബോർഡിന് അനുവദിച്ച തുക വർദ്ധിപ്പിക്കണം. സംസ്ഥാനത്തിന്റെ വികസനത്തിനായി വളരെ ശ്രദ്ധേയമായ പദ്ധതികൾ മുന്നോട്ടു വച്ച ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ

നിരക്കിൽ അരി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് പാവപ്പെട്ട ജനങ്ങളോടുള്ള പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. ക്ഷേമ പെൻഷനുകൾ 300 രൂപ യാക്കി ഉയർത്തിയ നടപടി മാതൃകാപരമാണ്. തൊഴിലുറപ്പ് പദ്ധതി നഗരങ്ങ ളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നവീകരി ക്കുന്നതിനുമുള്ള നടപടികൾ സ്വാഗതാർഹമാണ്. ശയ്യാവലംബർക്കും ആശ്രയ കുടുംബങ്ങൾക്കും പ്രത്യേക സഹായം നൽകാനും പ്രവാസി ക്ഷേമ നിധി ആരംഭിക്കാനും കഴിഞ്ഞത് അഭിനന്ദനീയമാണ്.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ബഡ്ജറ്റിനെ എതിർക്കുന്നു. സ്ട്രീറ്റ് ലൈറ്റുകൾക്ക് സോളാർ എനർജി ഉപയോഗിച്ചാൽ 250 മുതൽ 300 മെഗാവാട്ട് വൈദ്യുതിവരെ ലാഭിക്കാൻ കഴിയും. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. കെട്ടിടങ്ങളും മറ്റും നിർമ്മിച്ച് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യത നേരിടുന്ന റബ്കോയ്ക്ക് വീണ്ടും കോടിക്കണക്കിന് രൂപ നൽകിയതിനെക്കുറിച്ച് പരിശോധിക്കണം. നെല്ല്കുത്തി യന്ത്രം മുതൽ ആസിയാൻ കരാർവരെ എല്ലാത്തിനേയും ആദ്യം എതിർക്കുകയും പിന്നെ അനുകൂലിക്കുകയും ചെയ്യുന്ന നയമാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. ആസിയാൻ കരാറിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഭാവിയിൽ മനസ്സിലാക്കാൻ സാധിക്കുന്ന താണ്. നവരത്ന ഒ.എൻ.ജി.സി. മാത്രം ലോകത്തിലെ 32 രാജ്യങ്ങളിൽ പെട്രോളിയം മേഖല കീഴടക്കിയിരിക്കുന്നു. ഇൻഡ്യയിൽ വികസനത്തിനു ണ്ടായ മാറ്റങ്ങളെ കാണാതെപോകുന്നത് ശരിയല്ല. നാടിനെ മുന്നോട്ടു നയിക്കാൻ നമ്മുടെ കാഴ്ചപ്പാടുകൾ മാറേണ്ടതാണ്.

<u>ശ്രീ. എം.എം. മോനായി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നത് വിശ്വാസികളായ ആളുകളുടെയടക്കം വോട്ട് നേടിക്കൊണ്ടാണ്. അവസരവാദങ്ങൾക്കു വേണ്ടി വിശ്വാസത്തെ കൂട്ടുപിടിക്കുന്നത് ശരിയല്ല. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലയ്ക്കുന്ന കേന്ദ്രസമീപനത്തിൽ നിന്ന് വ്യത്യസ്തമായി പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും പുതിയവ ആരംഭി ക്കാനുമാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിക്കുന്നത്. ദരിദ്ര ജനവിഭാഗ ങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളടങ്ങുന്ന ബഡ്ജറ്റാണിത്. സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് തുടർന്നും ഗ്രാന്റ് അനുവദിക്കണം.

<u>ശ്രീ. എ.കെ. ചന്ദ്രൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമൂഹ്യപുരോഗതിയും സമഗ്രവികസനവും ലക്ഷ്യമാക്കി ദിശാബോധ ത്തോടെ തയ്യാറാക്കിയ ബഡ്ജറ്റാണിത്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി പദ്ധതികൾ തയ്യാറാക്കി തുക ചെലവഴിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ശതകോടീശ്വരൻമാരുടെ എണ്ണം വർദ്ധിപ്പിക്കാ നാണ് കേന്ദ്രഗവൺമെന്റ് ശ്രമിക്കുന്നത്. കാർഷിക-വ്യാവസായിക മേഖല കളുടെ പുരോഗതിയെ ആശ്രയിച്ചാണ് സംസ്ഥാനത്തിന്റെ പുരോഗതിയെന്ന കാഴ്ചപ്പാടോടുകൂടിയാണ് ബഡ്ജറ്റും പദ്ധതികളും ഈ ഗവൺമെന്റ് തയ്യാറാ ക്കിയിട്ടുള്ളത്. അതിന്റെ ഫലമായി വമ്പിച്ച ഉൽപ്പാദന വർദ്ധനവ് കൈവരി ക്കാൻ കഴിഞ്ഞിട്ടുണ്ട്. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് സഹായം നൽകിയും പലിശരഹിത വായ്പ അനുവദിച്ചും നെല്ലിന് ന്യായ വില നിശ്ചയിച്ചും കാർഷിക മേഖലയിൽ നേട്ടങ്ങളുണ്ടാക്കിയിട്ടുള്ളത് കർഷ കരുടേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ പ്രസ്ഥാനങ്ങ ളുടേയും സന്നദ്ധസംഘടനകളുടേയും കൂട്ടായ്മയിലൂടെയുമാണ്. യു.ഡി.

എഫ്. സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും ലാഭത്തിലാക്കാനും എട്ടെണ്ണം പുതിയതായി ആരംഭിക്കുന്നതിനുമുള്ള നടപടിയെടുക്കാനും ഐ.ടി. മേഖല വിപുലപ്പെടുത്താനും ഈ സർക്കാരിന് സാധിച്ചു. പരമ്പരാഗത മേഖല പുനരുദ്ധരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ട്. വിവിധ സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനും പ്രതിമാസം 300-രൂപ വച്ച് ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള തുകയും ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളുടെ ഫലമായുണ്ടായ വിലക്കയറ്റത്തെ നേരിടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയും സഹകരണ സ്ഥാപനങ്ങളിലൂടെയും നിത്യോപയോഗസാധനങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുത്തു. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇനിയും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കും എന്നത് കണക്കിലെടുത്ത് കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം. 35-ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യാനായി 500-കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് സ്വാഗതാർഹമാണ്. മൺപാത്ര തൊഴിലാളികളെ കൂടി രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തണം. സംസ്ഥാനത്തിന്റെ വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. മൂവായിരം കോടി രൂപയുടെ പ്രത്യേക പ്രവൃത്തികളാണ് സംസ്ഥാനത്തൊട്ടാകെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. സമ്പൂർണ്ണ

വൈദ്യുതീകരണം ഏർപ്പെടുത്താനും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാനും മാവേലി സ്റ്റോറുകൾ ആരംഭിക്കാനും കഴിഞ്ഞു. പഠന നിലവാരവും വിജയശതമാനവും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ പശ്ചാത്തല സൗകര്യവും യാത്രാസൗകര്യവും ഏർപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകണം. പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ അനുവദിക്കണം. മാളയിലെ ജൂദന്മാരുടെ സിനഗോഗും ചരിത്രസ്മാരകങ്ങളും മുസ്സിരീസ് പദ്ധതിയിൽ ഉൾപ്പെടുത്തണം. ആളൂർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ സ്ഥലമെടുപ്പിന് തുക അനുവദിക്കണം.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് രാജ്യത്തെ സമ്പത്ത് സ്വകാര്യ മുതലാളിമാർക്ക് കൈമാറുന്ന കേന്ദ്രനയത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ നയസമീപനമാണ് സംസ്ഥാന ബഡ്ജറ്റിലുള്ളത്. വെട്ടിക്കുറച്ച അരിവിഹിതം പുന:സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. വികസനപ്രവർത്തനങ്ങളെയും സാമ്പത്തിക വളർച്ചയെയും സംബന്ധിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുള്ള ബഡ്ജറ്റാണിത്. യു.ഡി.എഫ്. ഭരണകാലത്ത് കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക മുഴുവൻ ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനും ലാഭകരമാക്കാനും കഴിഞ്ഞു. എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കൂടി ആരംഭിക്കാൻ നടപടി സ്വീകരിച്ചിരിക്കുകയുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഐ.ടി.

മേഖലയ്ക്കു പുറമെ പരമ്പരാഗത, കാർഷിക, അസംഘടിത മേഖലകളിൽ ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചു. കയർ തൊഴിലാളികളിൽ നിന്നും ത്രിഫ്റ്റായി പിടിച്ച തുക തിരിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കണം. സഹകരണ സംഘങ്ങളിൽ നിന്ന് പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകണം. ചെറുകിട കയർ ഉൽപ്പാദകർക്ക് കടാശ്വാസ പദ്ധതി നടപ്പിലാക്കണം. പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ച കേന്ദ്ര നടപടി ന്യായീകരിക്കാനാവില്ല. സാമ്പത്തിക മാന്ദ്യം നേരിടാൻ ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്ന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്.

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലോണെടുക്കുന്നതിനെ എതിർത്തിരുന്ന ആളുകൾ ഇപ്പോൾ ലോകബാങ്കിൽ നിന്ന് 742 കോടി രൂപയാണ് കെ.എസ്.ടി.പി. പദ്ധതിക്കുവേണ്ടി വായ്പ എടുത്തിരിക്കുന്നത്. കേരളത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതും തദ്ദേശഭരണ സ്ഥാപനങ്ങൾ നിലനിൽക്കുന്നതും ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയാണ്. ഗാട്ട് കരാറിനെതിരെയുള്ള പ്രചരണങ്ങൾ നിലനിൽക്കില്ലെന്ന് മനസ്സിലായപ്പോഴാണ് ആണവകരാറിനെതിരെ പ്രചരണം നടത്തി കേന്ദ്ര സർക്കാരിനെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കാൻ ശ്രമം നടത്തിയത്. ആധുനിക സംവിധാനങ്ങളെ എതിർത്തവർ പിന്നീട് അതിന്റെ വക്താക്കളായി മാറുകയാണുണ്ടായത്. കഴിഞ്ഞ നാലു ബഡ്ജറ്റുകളിലുമുള്ള വാഗ്ദാനങ്ങളും പദ്ധതികളും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഐ.ടി. മേഖലയിൽ ഒരു ലക്ഷം തൊഴില

വസരങ്ങൾ സൃഷ്ടിക്കുമെന്ന പ്രഖ്യാപനം പാലിക്കാൻ സാധിച്ചിട്ടില്ല. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഒരു പദ്ധതിപോലും ഉണ്ടാക്കിയിട്ടില്ല. 2009 ഡിസംബർ 31-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പൊതുകടം വർദ്ധിച്ചിരിക്കുകയാണ്. മാന്ദ്യവിരുദ്ധ പാക്കേജിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് സത്യസന്ധമായ അവലോകനംപോലും ബഡ്ജറ്റിൽ നടത്തിയിട്ടില്ല. സോഷ്യൽ സെക്യൂരിറ്റി സ്കീം നഗരങ്ങളിൽ വ്യാപകമാക്കുമെന്ന് കേന്ദ്ര ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുള്ളതിന്റെ ചുവട് പിടിച്ചുകൊണ്ടാണ് സംസ്ഥാനത്ത് അയ്യങ്കാളിയുടെ പേരിൽ ഒരു തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല എന്നു പറയുന്നത് വസ്തുതാ വിരുദ്ധമാണ്. 20 കോടി രൂപയാണ് തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ നീക്കിവച്ചിരിക്കുന്നത്. അങ്ങനെ കണക്കാക്കുമ്പോൾ 16,000 ഗുണഭോക്താക്കൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയുടെ പരിധിയിൽ വരികയുള്ളൂ. കേന്ദ്ര സർക്കാർ പെട്രോൾ-ഡീസൽ വില വർദ്ധിപ്പിച്ചതിനെതിരെ സമരം ചെയ്യുന്ന ഒരു കാലഘട്ടമാണിത്. 42,000 കോടി രൂപയാണ് പെട്രോളിയം കമ്പനികൾക്കുള്ള സഞ്ചിതനഷ്ടം. കേന്ദ്ര പബ്ളിക് സെക്ടറുകൾക്ക് വെല്ലുവിളി ഉയർത്താൻ കഴിഞ്ഞ റിലയൻസിനുപോലും ഇന്ത്യയിലെ പെട്രോളിയം കമ്പനികളുടെ മികച്ച പ്രകടനത്തെ ഇതുവരെ പബ്ളിക് മാർക്കറ്റിൽ പരാജയപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മണ്ണെണ്ണയ്ക്കും പാചകവാതകത്തിനും സബ്സിഡി ഇനത്തിൽ വരുന്ന നഷ്ടം കേന്ദ്രം സഹിക്കുമ്പോൾ സംസ്ഥാന സർക്കാർ അതിനു തയ്യാറായിട്ടില്ല. ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യം ഉണ്ടായപ്പോൾ ഇൻഡ്യയ്ക്ക് മാത്രമാണ് പിടിച്ചുനിൽക്കാനായത്. സാമ്പ

ത്തിക മാന്ദ്യം നേരിടാൻ യു.പി.എ. സർക്കാർ താൽക്കാലികമായി വെട്ടിക്കുറച്ച പെട്രോളിന്റെയും ഡീസലിന്റെയും ഡ്യൂട്ടി പുന:സ്ഥാപിക്കുക മാത്രമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാർ 2008 ജൂൺ മാസത്തിൽ പെട്രോൾ-ഡീസൽ ടാക്സ് രണ്ട് ശതമാനം കുറയ്ക്കുകയും 2009 ജനുവരിയിൽ പുന:സ്ഥാപിക്കുകയും ചെയ്തു. യു.പി.എ.ഗവൺമെന്റ് രണ്ടു പ്രാവശ്യം പെട്രോൾ, ഡീസൽ വില വർദ്ധിപ്പിച്ചപ്പോൾ നികുതി വരുമാനമായി കിട്ടിയ തുക വിവേചന പരമായിട്ടാണ് ചെലവഴിക്കാൻ തീരുമാനിച്ചത്.

സഭ വൈകുന്നേരം 3.50-ന് പിരിഞ്ഞു.

--------